ജില്ലാ സഹകരണ ബാങ്കുകളിലെ ഉദ്യോഗ നിയമനം

*324. [341] ശ്രീ. പി. പി. എസ്തോസ്:

ശ്രീ. പിണറായി വിജയൻ:

ശ്രീ. പി. കരുണാകരൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ഉദ്യോഗ നിയമന കാര്യത്തിൽ എന്തെങ്കിലും പൊതു തത്വം ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ തത്വം ലംഘിച്ച് നിയമനം നടത്തിയതായി ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിനെക്കുറിച്ച് എന്തെങ്കിലും പരാതി ഗവൺമെന്റിന് കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതു ബാങ്കിനെക്കുറിച്ചെന്നും പ്രസ്തുത പരാതികളിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) സഹകരണ സംഘം റജിസ്ട്രാർ കേന്ദ്രസഹകരണ ബാങ്കുകളിലെ (ജില്ലാ ബാങ്ക്) ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ചില പൊതു തത്വങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) അവ താഴെ പറയുന്നവയാണ്. ഒഴിവുകളിലേയ്ക്കു അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പ്രമുഖ ദിനപത്രങ്ങളിൽ പരസ്യം ചെയ്യുക, അപേക്ഷകരെ എഴുത്തു പരീക്ഷയ്ക്കും ഇൻറർവ്യൂവിനും വിധേയരാക്കുക, ആകെ മാർക്കിൽ 90 ശതമാനം എഴുത്തു പരീക്ഷയ്ക്കും 10 ശതമാനം ഇൻറർവ്യൂവിനും ആയിരിക്കുക, വെളിയിലുള്ള സ്വതന്ത്ര ഏജൻസിയെക്കൊണ്ട് പരീക്ഷ നടത്തിക്കുക, പരീക്ഷാ പേപ്പറുകളിൽ 'ഫാൾസ് നമ്പർ' നൽകുക, 50 ശതമാനം ഒഴിവുകൾ അംഗസംഘങ്ങളിലെ ജീവനക്കാർക്കായി നീക്കി വയ്ക്കുക, 10 ശതമാനം ഒഴിവുകൾ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി നീക്കി വയ്ക്കുക, പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത, നിയമനം നടത്തേണ്ട രീതി മുതലായവ 1969-ലെ കേരളാ സഹകരണ നിയമം 80-ാം വകുപ്പ് അനുസരിച്ചു തയ്യാറാക്കിയിട്ടുള്ള 183, 186, 187, എന്നീ ചട്ടങ്ങൾക്ക് അനുസൃതമായിരിക്കുക തുടങ്ങിയവയാണ്.

(സി) ഉണ്ട്.

(ഡി) തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകളിൽ നടത്തിയ നിയമനങ്ങളെ പറ്റി ചില പരാതികൾ സഹകരണ സംഘം റജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിനെക്കുറിച്ച് ലഭിച്ച പരാതിയിൻമേൽ സഹകരണസംഘം ആക്റ്റ് 65-ാം വകുപ്പു പ്രകാരം ഒരു അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിൻമേൽ റജിസ്ട്രാർ നടപടി സ്വീകരിച്ചു വരികയുമാണ്. ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിനെക്കുറിച്ച് ലഭിച്ച പരാതിയിൻമേൽ അന്വേഷണം നടത്തുകയും ആരോപണങ്ങൾ ഭാഗികമായി ശരിയാണെന്ന് കണ്ടതിനെത്തുടർന്ന്

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രാർ ബാങ്ക് അധികാരികൾക്ക് താക്കീത് നൽകുകയും ശേഷിച്ച ഒഴിവുകളിൽ രജിസ്ട്രാർ നിർദ്ദേശിച്ച തത്വങ്ങൾക്ക് വിധേയമായി മാത്രം നിയമനം നടത്താൻ ആവശ്യപ്പെടുകയുമുണ്ടായി. അതിനുശേഷം നടന്ന നിയമനങ്ങളെ സംബന്ധിച്ചും ആരോപണങ്ങൾ ഉണ്ട്. അവയേപ്പറ്റി അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനിടെ കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലേയും പാലക്കാട് ജില്ലാസഹകരണ ബാങ്കിലേയും നിയമനങ്ങളെക്കുറിച്ച് കിട്ടിയ പരാതികളിൻമേലും രജിസ്ട്രാർ അന്വേഷണനടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടുകൾ കിട്ടുന്നതോടെ നടപടികൾ കൈക്കൊള്ളാമെന്ന് രജിസ്ട്രാർ സമ്മതിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ

*325. [342] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ നൽകുന്നതിനുള്ള നടപടി തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സ്പെഷ്യൽ ട്യൂഷൻ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സ്പെഷ്യൽ ട്യൂഷൻ ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കൂടി നൽകുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

കേന്ദ്ര ഗവൺമെൻറിൻെറ സാക്ഷരതാ പ്രചരണപരിപാടി

*326 [343] ശ്രീ. പി. കെ. ശങ്കരൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെൻറിൻെറ സാക്ഷരതാ പ്രചരണ പരിപാടി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന ഗവൺമെൻറിന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ ലഭിച്ചു; അതിലെത്ര ചിലവാക്കി;

(ബി) ഈ വർഷം ഈ ഇനത്തിൽ കേന്ദ്ര സഹായമായി എത്ര സംഖ്യ പ്രതീക്ഷിക്കുന്നുണ്ട്; സംസ്ഥാന ഗവൺമെൻറ് ഈ ഇനത്തിൽ വല്ല സംഖ്യയും ചിലവഴിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് ഈ വർഷത്തിൽ ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) ഈ സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിൽ വരുത്തുന്ന ഏജൻസികൾ ഏതെല്ലാം;

(ഡി) കലാ-സാംസ്കാരിക സംഘടനകൾ, ഗ്രന്ഥശാലകൾ, സാമൂഹ്യസംഘടനകൾ, ട്രേഡ്യൂണിയനുകൾ തുടങ്ങിയ ബഹുജന സംഘടനകളെകൂടി പങ്കെടുപ്പിച്ച് ഈ പദ്ധതി വിജയിപ്പിക്കുവാനുള്ള നടപടികൾ എടുക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly